14698
11/10/19

"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- അന്യസംസ്ഥാനക്കാരായ അന്തേവാസികളെ സ്വന്തം സംസ്ഥാനത്തേക്ക് എത്തിക്കുന്നതിനുള്ള "പ്രത്യാശ" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.318/2019/സാനീവ തീയതി, തിരുവനന്തപുരം, 01.06.2019**

---

പരാമർശം: 1. 16.01.2019 തീയതിയിലെ SJD/B2/351/2018-SJD നം. സർക്കാർ കത്ത്.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 07.05.2019 ലെ ഡി3-9224/18-ാം നം കത്ത്.
3. 16.05.2019 ൽ ചേർന്ന വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്സ്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര പുനരധിവാസ സ്ഥാപനങ്ങളിൽ താമസിക്കുന്ന അന്യസംസ്ഥാനക്കാരായ വ്യക്തികളെ സ്വന്തം സംസ്ഥാനത്ത് എത്തിക്കുകയോ അവരുടെ കുടുംബാംഗങ്ങളുമായോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതിനായി ടി മേഖലയിൽ പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി ഒരു പദ്ധതി നടപ്പാക്കാൻ പരാമർശം 1 പ്രകാരം നിർദ്ദേശിച്ചിരുന്നു. മേൽ സാഹചര്യത്തിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുനരധിവാസ സ്ഥാപനങ്ങളിലെയും Psychosocial Rehabilitation Centre-കളിലെയും അന്യസംസ്ഥാനക്കാരായ 100 താമസക്കാരെ സ്വന്തം സംസ്ഥാനത്തെത്തിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷം 2235-60-200-83 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 29,29,500/- (ഇരുപത്തൊൻപത് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരിക്കുന്നു.

(2) 16.05.2019 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രോപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(3) ഈ സാഹചര്യത്തിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുനരധിവാസ സ്ഥാപനങ്ങളിലെയും മറ്റു Psychosocial Rehabilitation Centre കളിലെയും അന്യസംസ്ഥാനക്കാരായ താമസക്കാരെയും ഇതു കൂടാതെ തെരുവിൽ അലഞ്ഞു നടക്കുന്നവരായ

അന്യസംസ്ഥാനക്കാരെയും (ആദ്യ ഘട്ടത്തിൽ 100 പേരെ) അവരുടെ സ്വദേശത്തേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള "പ്രത്യാശ" എന്ന പദ്ധതിക്ക് ചുവടെ ചേർക്കുന്ന രീതിയിലും നിബന്ധനകൾക്കും വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| Sl NO. | Item | Expense per Head | Total expense |
|---|---|---|---|
| 1 | Transportation by Train (Subject to Actual expense) | 2500*3 | 7500 |
| 2 | Transportation by Bus & Local | 300*3 | 900 |
| 3 | Accommodation | 500*3 | 1500 |
| 4 | Honorarium to Bystanders/Escoters per day | 500*2*8 | 8000 |
| 5 | Contingencies (Medicine, Cloth, Bag, Sandals, Food, Honorarium to Social Worker, Interpreter, any other miscellaneous expense) | | 10000 |
| Expense for One Repatriation | | | 27,900 |
| 5% Administrative Expense | | | 1395 |
| **Total Expense for One Repatriation** | | | **29,295** |
| **Expense for 100 Repatriation** | | | **29,29,500** |

(4) പ്രത്യാശ പദ്ധതിയുടെ നിർവ്വഹണവും പുരോഗതി വിലയിരുത്തുന്നതിനുള്ള നിബന്ധനകളും ചുവടെ ചേർക്കുന്നു.

**<u>പദ്ധതി നിർവ്വഹണം:</u>**

- തത്പരരായ NGO കളിൽ നിന്നും അപേക്ഷ ക്ഷണിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണൽ തലത്തിൽ ഒന്നോ ഒന്നിൽ കൂടുതലോ NGO മുഖേന പദ്ധതി നടപ്പാക്കാവുന്നതാണ്.
- തിരുവന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകൾ തിരുവനന്തപുരം റീജിയണിന് കീഴിലും, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകൾ എറണാകുളം റീജിയണിന് കീഴിലും, കോഴിക്കോട്, മലപ്പുറം, വയനാട് കണ്ണൂർ, കാസർഗോഡ് ജില്ലകൾ കോഴിക്കോട് റീജിയണിന് കീഴിലും ഉൾപ്പെട്ടത്താവുന്നതാണ്.
- ആദ്യ ഘട്ടത്തിൽ ആകെ 100 പേർക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി പ്രോജക്റ്റ് നടപ്പാക്കാവുന്നതാണ്.

- ഓരോ പുനരധിവാസ സ്ഥാപനത്തിലെയും അന്യ സംസ്ഥാനക്കാരായവരുടെ വിവരങ്ങൾ ശേഖരിച്ച് റീജിയണൽ തലത്തിൽ തരം തിരിച്ച് ബന്ധപ്പെട്ട NGO യ്ക്ക് കൈമാറാവുന്നതാണ്.
- ബന്ധപ്പെട്ട NGO സോഷ്യൽ വർക്കറുടെയും ഭാഷാ സഹായിയുടെയും സഹായത്താൽ ടി വ്യക്തികളുടെ സ്വന്തം സംസ്ഥാനം/ദേശം കണ്ടെത്തുകയും ടി സംസ്ഥനത്തെ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പ്രൊബേഷൻ ഓഫീസറുമായി ചർച്ച ചെയ്ത് വ്യക്തിയെ അവരുടെ ബന്ധുക്കളോ മറ്റ് സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലോ സ്വീകരിക്കുന്നതിനുള്ള സമ്മത പത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. (ഇതിനായി അന്യഭാഷ സാഹായിയുടെ ഒരു ലിസ്റ്റ് ജില്ലാ തലത്തിൽ തയ്യാറാക്കേണ്ടതാണ്.)
- അപ്രകാരം ലഭിക്കുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ ജില്ലാ തല കമ്മിറ്റി വിളിച്ച് ചേർക്കുകയും ജില്ലാ കളക്ടർ തലത്തിൽ വ്യക്തിയെ കൈമാറുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നതാണ്. ഒരു വ്യക്തിയെ അവരവരുടെ സംസ്ഥാനത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായി വരുന്ന തുകയും ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്യേണ്ടതാണ്.
- ടി ഉത്തരവ് സംസ്ഥാന കമ്മിറ്റിയ്ക്ക് ലഭ്യമാക്കുകയും സംസ്ഥാന കമ്മിറ്റി അടിയന്തിര യോഗം കൂടി അന്തർ സംസ്ഥാന കൈമാറ്റത്തിന് ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പ് മേധാവിയെ രേഖാമൂലം അറിയിക്കുകയും ചെയ്യുന്നതാണ്.
- ടി ഉത്തരവ് സഹിതം വ്യക്തിയെ കൈമാറുന്നതിനുള്ള നടപടി NGO തലത്തിൽ സ്വീകരിക്കുന്നതാണ്.
- പദ്ധതി നടപ്പാക്കൽ നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിനും ജില്ലാ തലത്തിലും, അന്യ സംസ്ഥാന മേധാവികളുമായി നടത്തിയിട്ടുള്ള കത്തിടപാടുകൾ വിലയിരുത്തുന്നതിനായി സംസ്ഥാന തലത്തിലും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. കമ്മിറ്റിയിൽ ചുവടെ ചേർത്തിട്ടുള്ളവരെ ഉൾപ്പെടുത്താവുന്നതാണ്.

**<u>ജില്ലാ തല കമ്മിറ്റി:</u>**

| | | | |
|---|---|---|---|
| 1. | ജില്ലാ കളക്ടർ | - | ചെയർമാൻ |
| 2. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | - | കൺവീനർ |
| 3 | ജില്ലാ പ്രൊബേഷൻ ഓഫീസർ | - | മെമ്പർ |

| | | | |
|---|---|---|---|
| 4 | ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർ | - | മെമ്പർ |
| 5 | DELSA പ്രതിനിധി | - | മെമ്പർ |
| 6 | ആരോഗ്യ വകുപ്പ് പ്രതിനിധി | - | മെമ്പർ |
| 7 | പോലീസ് വകുപ്പ് പ്രതിനിധി | - | മെമ്പർ |
| 8 | തെരഞ്ഞെടുക്കപ്പെടുന്ന NGO പ്രതിനിധി | - | മെമ്പർ |
| 9 | OCB യുടെ ജില്ലാതല പ്രതിനിധി | - | മെമ്പർ |
| 10 | റെയിൽവേ പ്രതിനിധി | - | മെമ്പർ |

**സംസ്ഥാനതല കമ്മിറ്റി:**

1. സാമൂഹ്യനീതി ഡയറക്ടർ
2. OCB മെമ്പർ സെക്രട്ടറി
3. പോലീസ് വകുപ്പ് പ്രതിനിധി
4. മാനസികരോഗ മേഖലാ വിദഗ്ധൻ

(5) സംസ്ഥാന കമ്മിറ്റിയിലേയ്ക്ക് വിഷയം അവതരിപ്പിക്കേണ്ടത് NGO പ്രതിനിധിയാണ്. ഓരോ ജില്ലകളിലെയും പുനരധിവാസ സ്ഥാപനങ്ങളിലെ അന്യസംസ്ഥാനക്കാരായ താമസക്കാരുടെ എണ്ണം ജില്ലാ സാമൂഹ്യനീതി ഓഫീസർ തലത്തിൽ തയ്യാറാക്കി NGO യുമായി ചർച്ച ചെയ്ത് plan of action with timeline തയ്യാറാക്കി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയ്ക്ക് വിധേയമായി NGO യ്ക്ക് വർക്ക് ഓർഡർ നൽകി ഘട്ടം ഘട്ടമായി തുക അനുവദിക്കുന്നതാണ്. അന്യ സംസ്ഥാന അധികാരികളുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സംസ്ഥാന കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പാക്കാവുന്നതാണ്.

(6) **തുക അനുവദിക്കലും പദ്ധതി പുരോഗതി വിലയിരുത്തലും**

ആകെ ഒരു വർഷത്തേയ്ക്കായി പ്രോജക്ട് നിശ്ചയിക്കാവുന്നതും ബഡ്ജറ്റ് പ്രകാരമുള്ള തുക ജില്ലാ കമ്മിറ്റിയുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വ്യക്തികളുടെ എണ്ണത്തിന് ആനുപാതികമായി കണക്കാക്കി NGO കൾക്ക് അനുവദിച്ച് നൽകാവുന്നതാണ്. ഓരോ NGO യ്ക്കും 75% മുൻകൂറായി നൽകാവുന്നതും ആയത് വിനിയോഗിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർ വിശദമായ റിപ്പോർട്ട്, യു. സി. എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കാവുന്നതുമാണ്. plan of action പാലിക്കുന്നുണ്ടോയെന്ന് എല്ലാ മാസവും ജില്ലാ സാമൂഹ്യനീതി ഓഫീസർ തലത്തിൽ പുരോഗതി വിലയിരുത്താവുന്നതുമാണ്.

(7) ഇതിലേയ്ക്കാവശ്യമായ തുക 29,29,500/- (ഇരുപത്തൊൻപത് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷം 2235-60-200-83 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നു ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ